# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5711 — 02.07.2019 ൽ മറുപടിയ്ക്ക്

## നാട്ടാന പരിപാലന ചട്ടം ഭേദഗതി

| | ചോദ്യം<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | നാട്ടാന പരിപാലന ചട്ടം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രധാനമായും എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. 2012-ലെ കേരള നാട്ടാന പരിപാലന ചട്ടത്തിൽ ചില പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആനകൾക്കാവശ്യമായ വ്യായാമം ലഭ്യമാക്കൽ, ആനകളുടെ ശാസ്ത്രീയ ഭക്ഷണ രീതി, കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ നിരീക്ഷണം/പരിപാലന നടപടികൾ, മദപ്പാട് സമയത്തുള്ള പ്രത്യേക പരിചരണം, വിശ്രമമില്ലാതെയുള്ള എഴുന്നള്ളിപ്പുകൾ ഒഴിവാക്കൽ, നാട്ടാന പീഡനങ്ങൾക്കുള്ള ശിക്ഷകൾ, ആനകളുടെ ജീവശാസ്ത്രപരമായ സവിശേഷതകൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിപാലന രീതികൾ എന്നിവ ഉൾപ്പെടുത്തി 2012-ലെ നാട്ടാന പരിപാലന നിയമം സമഗ്രമായി പുതുക്കി പുതിയ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ബി) | ആന ഉടമസ്ഥർ, ഉൽസവം നടത്തിപ്പുകാർ, ബന്ധപ്പെട്ട സംഘടനകൾ എന്നിവരുമായി ഇത്തരത്തിലുള്ള ഭേദഗതി സംബന്ധിച്ച് ചർച്ച നടത്തുകയോ അഭിപ്രായങ്ങൾ ആരായുകയോ ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ആരുമായെന്ന് വിശദമാക്കുമോ, | (ബി)- (ഡി)2012-ലെ നാട്ടാന പരിപാലന ചട്ടം സമഗ്രമായി പുതുക്കുന്നതിന് മുന്നോടിയായ കരട് ചട്ടങ്ങൾ തയ്യാറാക്കുകയും, ആയതിന്മേൽ തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, മലബാർ ദേവസ്വം ബോർഡുകൾ, തൃശ്ശൂർ പാറമേക്കാവ്, തിരുവമ്പാടി ക്ഷേത്ര ഭാരവാഹികൾ, കേരള ആന ഉടമസ്ഥ സംഘടന, വിവിധ ആന വിദഗ്ദ്ധർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, വെറ്ററിനറി ഡോക്ടർമാർ എന്നിവരുമായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ 18.03.2019-ന് ചർച്ച നടത്തിയിരുന്നു. മേൽ യോഗത്തിന്റെ മിനിട് സ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് ലഭ്യമാക്കുകയുണ്ടായതിനെതുടർന്ന് യോഗത്തിലുണ്ടായ നിർദ്ദേശങ്ങളുടെ/അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ നാട്ടാന പരിപാലന ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ചർച്ച നടത്തിയിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ അഭിപ്രായരൂപീകരണം നടത്തുവാൻ വേണ്ടി ബന്ധപ്പെട്ടവരുമായി വിശദമായ ചർച്ച നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | |
| (ഡി) | എങ്കിൽ എന്നത്തേയ്ക്ക് ഇക്കാര്യങ്ങൾ ചർച്ച ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ